**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1422** **19-06-2024 - ൽ മറുപടിയ്ക്ക്**

**2024-25 അധ്യയന വർഷത്തെ പാഠപുസ്തക വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 അധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ പൂർണമായും വിതരണത്തിനായി വിദ്യാലയങ്ങളിൽ എത്തിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | 2024-25 അധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ പൂർണമായും വിദ്യാലയങ്ങളിൽ എത്തിച്ചിട്ടില്ല. ഈ അധ്യയന വർഷം 1 മുതൽ 10 വരെ ക്ലാസ്സുകളിലായി ആകെ വിതരണം നടത്താനുള്ള 321 എണ്ണം പാഠപുസ്തകങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് 1,5,7,9 ക്ലാസ്സുകളിൽ പുതുതായി തയ്യാറാക്കിയ 34 എണ്ണം പ്രവർത്തന പുസ്തകങ്ങളുടെ വിതരണം മാത്രമാണ് ഇനിയും പൂർത്തിയാക്കാനുള്ളത്. ആയതിന്റെ വിതരണം നടന്ന് വരികയാണ്. ജൂൺ മാസത്തിനുള്ളിൽ വിതരണം പൂർത്തിയാകുന്നതാണ്. |
| (ബി) | 2024-25 അധ്യയന വർഷം 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പൂർണ്ണമായും മാറിയതിനാൽ പ്രസ്തുത ക്ലാസുകളിൽ കഴിഞ്ഞ അധ്യയന വർഷത്തെ പുസ്തകങ്ങൾ ലഭ്യമാവില്ല എന്ന സാഹചര്യം മുന്നിൽ കണ്ട് ഉണർന്ന് പ്രവർത്തിക്കാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | 2024-25 അധ്യയന വർഷം 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ കരിക്കുലം മാറ്റമുള്ള സാഹചര്യത്തിൽ 2023 ജൂലൈ ആദ്യവാരം തന്നെ ഉന്നതതലയോഗം ചേർന്ന് പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ആരംഭിച്ചിരുന്നു. സമയബന്ധിതമായി പാഠപുസ്തക വിതരണം നടത്തുന്നതിലേയ്ക്കായി അച്ചടി, വിതരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഉന്നതതല യോഗങ്ങൾ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യഥാസമയം കൂടിയിരുന്നു. |

സെക്ഷൻ ഓഫീസർ